പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4243 — 19. 10. 2011 ലെ മറുപടിക്ക്

## പ്രൊഫഷണൽ, വികലാംഗ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.രാധാകൃഷ്ണൻ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ പ്രൊഫഷണൽ, വികലാംഗ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) കേരളത്തിൽ അഞ്ചു വികലാംഗരുടെ പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുണ്ട്. അവയിൽ എല്ലാം കൂടി 10,036 ഉദ്യോഗാർത്ഥികൾ തൊഴിലിനായി പേരു രജിസ്റ്റർ ചെയ്തിട്ടുണ്ട്. മൂന്ന് പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുമുണ്ട്. അവയിൽ എല്ലാം കൂടി 66,737 ഉദ്യോഗാർത്ഥികൾ പേരു രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) സർക്കാർ വകുപ്പുകളിൽ നിന്ന് ഒഴിവുകൾ റിപ്പോർട്ട് ചെയ്തു കഴിഞ്ഞാൽ കാലതാമസം ഒഴിവാക്കി ഉദ്യോഗാർത്ഥികളുടെ പട്ടിക നൽകുവാൻ നടപടികൾ സ്വീകരിക്കുമോ? | (ബി) സർക്കാർ വകുപ്പുകളിൽ നിന്ന് ഒഴിവുകൾ റിപ്പോർട്ട് ചെയ്താൽ കാലതാമസമൊഴിവാക്കി കഴിയുന്നത്ര വേഗത്തിൽ ലിസ്റ്റ് നൽകുവാൻ സബ് ഓഫീസുകൾക്ക് മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ട്. ഉദ്യോഗദായകനിൽ നിന്നും വേക്കൻസി അറിയിപ്പു ലഭിച്ചു കഴിഞ്ഞാൽ അവ ബുക്ക് ചെയ്ത് സർക്കുലേറ്റ് ചെയ്ത് ഉടൻ നടപടി സ്വീകരിക്കുന്നതിനും സമയബന്ധിതമായി ഉദ്യോഗദായകന് ലിസ്റ്റ് നൽകുന്നതിനുമുള്ള നിർദ്ദേശങ്ങൾ ആവർത്തിച്ച് സർക്കുലർ മുഖേന സബ് ഓഫീസുകൾക്ക് നൽകുകയും വേക്കൻസിയുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ ഓഫീസ് മേധാവികൾ |

യഥാസമയം പരിശോധിച്ച് ഇക്കാര്യം ഉറപ്പു വരുത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ വേക്കൻസി ജോലികൾ കൂടുതൽ വേഗത്തിലാക്കുന്നതിലേയ്ക്കായി എല്ലാ സബ് ഓഫീസുകളിലും കമ്പ്യൂട്ടറൈസേഷൻ നടത്താനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

സെക്ഷൻ ഓഫീസർ